

# തിരുവനന്തപുരം നഗരസഭ

# എന്റെ നഗരം

## ന്യൂസ് ലെറ്റർ

Volume: 01/Issue : 01 2023 ജനുവരി



ഓരോ പുതുവത്സരവും പുത്തൻ പ്രതീക്ഷകളാണ് നമുക്ക് സമ്മാനിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ പ്രാദേശിക ഭരണ സംവിധാനമായ തിരുവനന്തപുരം നഗരസഭ 10 ലക്ഷം ജനസംഖ്യയുമായി ആധുനിക വികസിത നഗരമായി മാറുന്നതിനുള്ള യാത്രയിലാണ്. നിലവിലെ നഗരസഭ കൗൺസിൽ ജനസേവന പ്രവർത്തനങ്ങളുടെ രണ്ട് വർഷം പൂർത്തിയാക്കുന്ന വേളയിൽ **'എന്റെ നഗരം'** എന്ന പേരിൽ ഒരു പ്രതിമാസ ന്യൂസ് ലെറ്റർ പുറത്തിറക്കുകയാണ്. ഓരോ മാസവും നഗരത്തിൽ നടപ്പിലാക്കുന്ന പ്രധാന വികസന വാർത്തകളും വിശേഷങ്ങളും ഈ ന്യൂസ് ലെറ്ററിലൂടെ നിങ്ങളിൽ എത്തിക്കുന്നു.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കാൽ നൂറ്റാണ്ട് പൂർത്തിയാക്കിയ ഈ വേളയിൽ അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നവീന വികസന മാതൃകകൾ സൃഷ്ടിക്കാൻ തിരുവനന്തപുരം നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുവഴി അടുത്ത കാലത്തായി ഇ-ഗവേണൻസ് ഭരണരംഗത്തെ ഇ- സിറ്റിസൺ സർവ്വീസ് ഡെലിവറി ഒന്നാം സ്ഥാനം, മികച്ച ഭിന്നശേഷി സൗഹൃദ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം, ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്നീ അവാർഡുകൾ നമുക്ക് ലഭിക്കുകയുണ്ടായി. നഗര വികസനത്തെ തടസ്സപ്പെടുത്തുന്നതിനായി ഉന്നയിക്കുന്ന അടിസ്ഥാനരഹിത ആരോപണങ്ങളെ ജനകീയ വികസനക്ഷേമ പ്രവർത്തനങ്ങളിലൂടെ മറികടക്കാൻ കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്.

രണ്ടാം വാർഷികത്തിന്റെ ഭാഗമായി പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞ ഒരു മാസക്കാലം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ന്യൂസ് ലെറ്ററിന്റെ ആദ്യലക്കം പുറത്തിറക്കുന്നതിനുള്ള സന്തോഷം പങ്കുവയ്ക്കുന്നു.

**ആര്യ രാജേന്ദ്രൻ.എസ്**
മേയർ, തിരുവനന്തപുരം നഗരസഭ






**ശ്രീ.പി.കെ.രാജു**
(ഡെപ്യൂട്ടി മേയർ)

തിരുവനന്തപുരം നഗരസഭയുടെ നിലവിലെ ഭരണ സമിതി ചുമതലയേറ്റ് രണ്ട് വർഷം തികയുന്ന വേളയിൽ ഓരോ മാസവും നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ന്യൂസ് ലെറ്റർ തയ്യാറാക്കി ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. പറയുക മാത്രമല്ല പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കി അത് ജനോപകാരപ്രദമാക്കി മാറ്റുകയാണ് നഗരസഭ. നഗരസഭ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഓരോ മാസവും ഈ ന്യൂസ് ലെറ്ററിലൂടെ പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കുന്നതാണ്. ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

## ഹരിതകർമ്മ സേന



എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന പൊതു തത്വത്തെ ആസ്പദമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനരുപയോഗത്തിനും, പുനഃചംക്രമണത്തിനും കൈമാറുന്നതിനും, മാലിന്യസംസ്ക്കരണം സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ യുടെ മേൽനോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിത കർമ്മ സേന.

വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രാഥമിക തരംതിരിക്കൽ നടത്തി വൃത്തിയാക്കിയ പാഴ്വസ്തുക്കൾ ഹരിതകർമ്മസേന ശേഖരിക്കുകയും MCF ൽ എത്തിക്കുകയും, തരംതിരിച്ച് പിന്നീട് RRC ലും എത്തിച്ചു പുനഃചംക്രമണം, പുനരുപയോഗം എന്നിവയ്ക്കായി മാറ്റുന്നു. വീടുകളിൽ നിന്നും യൂസർ ഫീ ഇനത്തിൽ ഈടാക്കുന്ന തുകയിൽ നിന്നും റസീപ്റ്റ് നൽകി കളക്ട് ചെയ്ത് പ്രതിമാസം ശേഖരിക്കുന്ന തുകയിൽനിന്നും പ്രതിമാസം വേതനം എടുക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ തലത്തിൽ നഗരസഭ രൂപീകരിക്കുന്ന ഹരിതകർമ്മസേന മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നതിനാൽ മാലിന്യശേഖരണം സംസ്ക്കരണവും വികേന്ദ്രീകരണത്തിലൂടെ പരിപാലിച്ചു കിട്ടുന്ന വരുമാനം ആണ് അവരുടെ സാമ്പത്തിക സ്രോതസ്സ്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന പൊതുതത്വത്തെ ആസ്പദമാക്കി സാമൂഹികബോധം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ വീട്ടിലെ അജൈവ മാലിന്യങ്ങൾ ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകേണ്ടതും അവർക്ക് മേൽ മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനായി കൃത്യമായി യൂസർ ഫീ ഉറപ്പുവരുത്തേണ്ടതുമാണ്. QR Code പതിച്ച് ഹരിതമിത്രം ആപ്പ് മുഖേനയാണ് മാലിന്യശേഖരം നടപ്പാക്കുന്നത്.

നിലവിൽ പലയൂണിറ്റുകൾക്കും 30000 രൂപയോളം വരുമാനം ലഭിച്ചുതുടങ്ങിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിൽ 98 വാർഡുകളിൽ കർമ്മസേന പ്രവർത്തനം ആരംഭിക്കുകയും ഏകദേശം 954 ഹരിതകർമ്മസേന അംഗങ്ങൾ ഇതിന്റെ ഭാഗമാണ്. കഴിഞ്ഞവർഷം ആകെ 90 ലക്ഷത്തിലധികം രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്.



സ്ത്രീ ശാക്തീകരണത്തിൻറെ ഒരു വിജയഗാഥയാണ് തിരുവനന്തപുരം നഗരത്തിലെ ഹരിതകർമ്മസേന പ്രവർത്തനങ്ങൾ. നഗരജീവിതത്തിൻറെ അവിഭാജ്യഘടകമായ ഹരിത കർമ്മ സേന നമ്മുടെ അഭിമാനവും അവരുടെ ശാക്തീകരണം നമ്മുടെ ഉത്തരവാദിത്തവുമാണ്.

### തിരുവനന്തപുരം നഗരസഭ
#### ഹരിതകർമ്മ സേന 2023 ജനുവരി

| | |
|---|---|
| ഹരിതകർമ്മ സേന പ്രവർത്തനം ആരംഭിച്ച വാർഡുകളുടെ എണ്ണം | 98 |
| ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം | 954 |
| ഹരിതകർമ്മ സേന കവർ ചെയ്യുന്ന വീടുകൾ (%) | 513 |
| വാർഡിലെ ആകെ ഷോപ്പുകൾ | 22813 |
| അജൈവ മാലിന്യം ശേഖരിക്കുന്ന ഷോപ്പുകളുടെ എണ്ണം | 6830 |
| ഹരിതകർമ്മ സേന ഡിസംബർ മാസത്തിൽ ശേഖരിച്ച അജൈവ മാലിന്യത്തിന്റെ അളവ് (KG) | 13080 |
| ആകെ വരുമാനം (യൂസർ ഫീ - ഇതര വരുമാനം) | 9013479 |
| ഹരിതമിത്രം ആപ്പ് ട്രെയിനിങ് പൂർത്തിയായ വാർഡുകളുടെ എണ്ണം | 86 |
| QR Code പതിപ്പിക്കൽ ആരംഭിച്ച വാർഡുകളുടെ എണ്ണം | 98 |



## പപ്പി അഡോപ്ഷൻ ക്യാമ്പ്



തെരുവുനായ കുഞ്ഞുങ്ങളെ ദത്ത് എടുക്കുവാനും അവയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നഗരസഭ ജനങ്ങൾക്ക് അവസരം നൽകി. 2022 ഡിസംബർ 24-ാം തീയതി പൂജപ്പുര സ്റ്റേഡിയത്തിൽ വച്ച് നഗരസഭ പപ്പി അഡോപ്ഷൻ ക്യാമ്പ് സംഘടിപ്പിച്ചു. മൃഗക്ഷേമ സംഘടനകളായ പീപ്പിൾ ഫോർ അനിമൽസ്, സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ, വിവിധ മൃഗസ്നേഹി കൂട്ടായ്മ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. പി.ജമീല ശ്രീധരൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

## കുളത്തൂർ കോലത്തുകര ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഹൈടെക് കിച്ചണിന്റെ ഉദ്ഘാടനം



തിരുവനന്തപുരം നഗരസഭ പൗണ്ട് കടവ് വാർഡിൽ നഗരസഭ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുളത്തൂർ കോലത്തുകര ഗവ ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ ഹൈടെക് കിച്ചണിന്റെ ഉദ്ഘാടനം 2022 ഡിസംബർ 2-ാം തീയതി മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. വാർഷിക പദ്ധതിയിൽ 75 ലക്ഷം രൂപ വകയിരുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കിച്ചണും ഡൈനിംഗ് ഹാളും കിച്ചണിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്.

## പേട്ട വനിത വിശ്രമകേന്ദ്രവും കഫറ്റേറിയയും





തിരുവനന്തപുരം നഗരസഭ പേട്ട വാർഡിൽ നഗരസഭ 2021 – 22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തികരിച്ച വനിത വിശ്രമകേന്ദ്രവും കഫറ്റേറിയയുടെയും ഉദ്ഘാടനം 2022 ഡിസംബർ 27-ാം തീയതി മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. പേട്ട റെയിൽവേ സ്റ്റേഷൻ സമീപമുള്ള ഇവിടം സ്ത്രീകൾക്ക് വളരെ ഉപകാരപ്പെടും

## നിർമ്മാണം പൂർത്തീകരിച്ച പുതിയ ടോയ്‌ലറ്റുകളുടെ ഉദ്ഘാടനം



തിരുവനന്തപുരം നഗരസഭ കരമന വാർഡിൽ നഗരസഭ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലും, ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലും നിർമ്മാണം പൂർത്തീകരിച്ച പുതിയ ടോയ്‌ലറ്റുകളുടെ ഉദ്ഘാടനം 2022 ഡിസംബർ 9-ാം തീയതി മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. നഗരസഭ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായാണ് ടോയ്‌ലറ്റുകൾ നിർമ്മിച്ചത്.

## കാട്ടായിക്കോണം വാർഡിൽ പൂർത്തീകരിച്ച സാംസ്കാരികനിലയം, റേഡിയോ കിയോസ്ക്



തിരുവനന്തപുരം നഗരസഭ കാട്ടായിക്കോണം വാർഡിൽ നിർമ്മാണം പൂർത്തീകരിച്ച സാംസ്കാരിക നിലയത്തിന്റെയും റേഡിയോ കിയോസ്കിന്റെയും ഉദ്ഘാടനം 2022 ഡിസംബർ 22-ാം തീയതി മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. ഇരുനില കെട്ടിടത്തിൽ താഴത്തെ നിലയിൽ റേഡിയോ കിയോസ്ക്, ബസ് സ്റ്റോപ്പ്, ഫീഡിംഗ് റൂം എന്നിവയും മുകളിലത്തെ നിലയിൽ സാംസ്കാരിക നിലയവുമാണ് നിർമ്മിച്ചിട്ടുള്ളത്.

## ശ്രീചിത്ര പാർക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ തത്സമയം



ശ്രീചിത്ര പാർക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ തത്സമയം പ്രദർശിപ്പിച്ചു. നഗരത്തിലെ സ്പോർട്സ് പ്രേമികൾക്ക് ഇതൊരു പുതിയ അനുഭവമായിരുന്നു. പ്രദർശനത്തിന്റെ ഉദ്ഘാടനം ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. വമ്പിച്ച പൊതുജന പങ്കാളിത്തത്തോടുകൂടി എല്ലാ ദിവസവും പ്രദർശനം സംഘടിപ്പിച്ചു.

## തിരുവനന്തപുരം നഗരസഭയ്ക്ക് ആംബുലൻസ് കൈമാറി



കാനറ ബാങ്ക് സി.എസ്.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭയ്ക്ക് ആംബുലൻസ് കൈമാറി. ബഹു. മേയർ ആംബുലൻസ് ഫ്ളാഗ് ഓഫ് ചെയ്തു.

## വെട്ടുകാട് ഈന്തിവിളയുടെ സ്വപ്നപദ്ധതി



തിരുവനന്തപുരം നഗരസഭ വെട്ടുകാട് വാർഡിൽ ആൾ സെയിന്റ്സ് ഈന്തിവിളാകം പ്രദേശത്തെ രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നഗരസഭ വാർഷിക പദ്ധതിയിൽ ഒരു കോടി രൂപയും, എം.എൽ.എ ഫണ്ടിൽ 50 ലക്ഷം രൂപയും വകയിരുത്തി ഓട നിർമ്മിച്ച് റോഡ് പുനർനിർമ്മിക്കുന്ന പദ്ധതിയാണ്. 2022 ഡിസംബർ 23-ാം തീയതി മേയർ ആര്യ രാജേന്ദ്രൻ.എസ് ന്റെ അദ്ധ്യക്ഷതയിൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു ഉദ്ഘാടനം നിർവ്വഹിച്ചു.

## കരിമഠം ഫ്ളാറ്റുകളുടെ താക്കോൽ ദാനവും നിർമ്മാണോദ്ഘാടനവും



തിരുവനന്തപുരം നഗരസഭ മണക്കാട് വാർഡിലെ കരിമഠം കോളനിയിൽ നിർമ്മാണം പൂർത്തിയാക്കിയ 40 ഫ്ളാറ്റുകളുടെ താക്കോൽ ദാനവും പുതിയ ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനവും 2022 ഡിസംബർ 5–ാം തീയതി ബഹു. തദ്ദേശ സ്വയം ഭരണം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ലൈഫ് ഗുണഭോക്താക്കളുടെ ഗുണഭോക്തൃ സംഗമവും ഒന്നാം ഗഡു വിതരണവും





തിരുവനന്തപുരം നഗരസഭ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ സംഗമവും ഗഡുക്കളുടെ വിതരണവും 'ഷെം' ക്യാമ്പയിൻ നഗരസഭാതല ഉദ്ഘാടനവും 2022 ഡിസംബർ 28–ാം തീയതി ബഹു. തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു. PMAY 9, 10 ഡി.പി.ആർ കളിലായി 4524 ഗുണ ഭോക്താക്കൾ സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഗുണഭോക്തൃ സംഗമ ത്തിൽ മേയർ ആര്യ രാജേന്ദ്രൻ.എസ് അദ്ധ്യക്ഷത വഹിച്ചു.

## നവീകരിച്ച പുത്തരിക്കണ്ടം മൈതാനത്തിന്റെ ഉദ്ഘാടനം



തിരുവനന്തപുരം നഗരസഭ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച പുത്തരിക്കണ്ടം മൈതാനത്തിന്റെ ഉദ്ഘാടനം ഡിസംബർ 31–ാം തീയതി ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി.എ.മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. നവീകരണത്തിന്റെ ഭാഗമായി 500 സീറ്റുകളുള്ള ഓപ്പൺ എയർ ആഡിറ്റോറിയം, നാലുകെട്ട് മാതൃകയിലുള്ള ആർട്ട് ഗ്യാലറി, യോഗ തീം പാർക്ക്, ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക്, ജോഗിംഗ് ട്രാക്ക്, പ്രവേശന കവാടം, പാർക്കിംഗ് സൗകര്യങ്ങൾ, സി.സി.ടി.വി, വൈഫൈ ഹോട്ട് സ്പോട്ട്, ഇൻഫർമേഷൻ ഡിസ്പ്ലേ സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

## ഒഡീഷ സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ച് പഠിക്കാൻ എത്തിയ മേയർമാരുടെ സംഘം



ഒഡീഷ സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ച് പഠിക്കാൻ എത്തിയ മേയർമാരുടെ സംഘം തിരുവനന്തപുരം നഗരസഭ ഓഫീസിലെത്തി മേയർ ആര്യ രാജേന്ദ്രനുമായി ഡിസംബർ 17–ാം തീയതി കൂടിക്കാഴ്ച നടത്തി. ഭുവനേശ്വർ മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി. സുലോചന ദാസ്, ഡെപ്യൂട്ടി മേയർ ശ്രീമതി. മഞ്ജുലത കൻഹാർ, ബെരാംപൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി. സംഘമിത്ര ഡാലെ, ഡെപ്യൂട്ടി മേയർ ശ്രീ. വിവേക് റെഡ്ഡി എന്നിവരുൾപ്പെടെ ഇരുപത്തിയൊന്നംഗ സംഘമാണ് നഗരസഭയിൽ എത്തിയത്.

## റഷ്യയിലെ നോവ്ഗൊറോഡ് സിറ്റിയുടെ ബഹു. മേയർ Aleksandr Rozbaum തിരു നഗരസഭ സന്ദർശിച്ചു



ഇരട്ട നഗരം പദ്ധതിയുടെ ഭാഗമായി റഷ്യയിലെ നോവ്ഗൊറോഡ് സിറ്റിയുടെ ബഹു. മേയർ Aleksandr Rozbaum തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സന്ദർശിച്ച് നഗരസഭയുമായി ചർച്ച നടത്തി. യുനെസ്കോയുടെ സംരക്ഷിത പൈതൃകമുള്ള റഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖ നഗരങ്ങളിലൊന്നാണ് നോവ്ഗൊറോഡ് നഗരം. നോവ്ഗൊറോഡ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ Yury Borovikov, നോവ്ഗൊ റോഡ് റീജിയൻ ഗവൺമെന്റ് ഡെപ്യൂട്ടി ചെയർമാൻ Malenko Ilya Sergeevich എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

## നഗരസഭയ്ക്കുള്ള പുരസ്കാരങ്ങൾ







ഇ-ഗവേണൻസ് വഴി ഭരണരംഗത്ത് മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങളിൽ ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറിരംഗത്ത് ഒന്നാം സ്ഥാനം തിരുവനന്തപുരം നഗരസഭയ്ക്ക്. ഡിസംബർ 2022 - വ്യവസായ വകുപ്പിന്റെ ഒരുവർഷം ഒരുലക്ഷം സംരംഭം എന്ന പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നതിൽ തിരുവനന്തപുരം നഗരസഭ ഒന്നാമതെത്തി. ഒരു വർഷത്തിൽ 2566 സംരംഭങ്ങളും 232 കോടിയുടെ നിക്ഷേപവും 6600 പരം തൊഴിലവസരങ്ങളും നഗരസഭയ്ക്ക് സൃഷ്ടിക്കാനായതാണ് നഗരസഭയെ പുരസ്കാരത്തിന് അർഹമാക്കിയത്.

മികച്ച ഭിന്നശേഷി സൗഹൃദ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരവും തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചു. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിന്റെ ഭാഗമായാണ് നഗരസഭയ്ക്ക് പുരസ്കാരം ലഭിച്ചത്. ഉന്നത വിദ്യാഭ്യാസമന്ത്രി ശ്രീമതി. ആർ. ബിന്ദുവിൽ നിന്നും നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എസ്.സലിം അവാർഡ് ഏറ്റുവാങ്ങി.

## നഗരസഭാതല കേരളോത്സവം സംഘടിപ്പിച്ചു



കേരളോത്സവം 2022 ന്റെ ഭാഗമായി നഗരസഭാതല കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. സെൻട്രൽ സ്റ്റേഡിയത്തിൽ വെച്ച് ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, കബഡി, അത്‌ലറ്റിക്സ് എന്നീ മത്സരങ്ങൾ നടന്നു. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് ബാറ്റ്മിന്റൺ, സ്വിമ്മിംഗ് എന്നിവയും തൈക്കാട് മോഡൽ സ്കൂളിൽ ആർച്ചറിയും ചെസ് മത്സരവും നടന്നു. കോട്ടൺഹിൽ ഗവ. എച്ച്എസ്എസിൽ കലാമത്സരങ്ങളും സംഘടിപ്പിച്ചു.

## പുത്തരിക്കണ്ടത്ത് സൺഡേ മാർക്കറ്റ്




പുത്തരിക്കണ്ടം മൈതാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് വ്യാപാര വാണിജ്യ സേവനങ്ങൾ ലഭിക്കുന്ന രീതിയിൽ പുത്തരിക്കണ്ടത്തെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ മാസത്തിൽ രണ്ടോ മൂന്നോ ദിവസം മാത്രമാണ് പുത്തരിക്കണ്ടത്ത് പരിപാടികൾ നടക്കുന്നത്. നഗരസഭയുടെ നേതൃത്വത്തിൽ നഗരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വാണിജ്യ വ്യാപാരമേള സൺഡേ മാർക്കറ്റ് എന്ന രീതിയിൽ ആരംഭിക്കുന്നതിനുള്ള പ്രാഥമികതല ചർച്ചകൾ നടന്നു കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ ഞായറാഴ്ചകളിൽ പുത്തരിക്കണ്ടത്ത് സൺഡേ മാർക്കറ്റ് ആരംഭിക്കുന്നതിന് ആലോചിക്കുകയാണ്.

തിരുവനന്തപുരം നഗരസഭ 2023 ഫെബ്രുവരി മുതൽ പുത്തരിക്കണ്ടത്ത് സൺഡേ മാർക്കറ്റ് ആരംഭിക്കുന്നു. ഉത്പാദിപ്പിക്കപ്പെടുന്ന പ്രാദേശിക ജൈവ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്ത ഒരു പ്രശ്നം നിലവിലുണ്ട്. നഗരത്തിലെ ജനങ്ങൾക്ക് ഗ്രാമീണ സ്വയം തൊഴിൽ ഉൽപന്നങ്ങൾ മികച്ച വിലയിൽ വാങ്ങുന്നതിനും ടൂറിസം മേഖലയുടെ ഉണർവിനും നഗരത്തിന്റെ സാമ്പത്തിക മേഖലയുടെ മെച്ചപ്പെടുത്തലിനും ഈ സൺഡേ മാർക്കറ്റിലൂടെ കഴിയും. ഉത്പാദകർക്കും ജനങ്ങൾക്കും നേരിട്ട് തന്നെ സാധനങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവസരമാണ് സൺഡേ മാർക്കറ്റിലൂടെ വിഭാവനം ചെയ്യുന്നത്. പ്രധാനമായും പ്ലാസ്റ്റിക് ബദൽ ഉൽപന്നങ്ങൾ, ഓർഗാനിക് ഉൽപന്നങ്ങൾ, കർഷക-കയർ, മൺപാത്രം, കുടുംബശ്രീ ഉൽപന്നങ്ങൾ, കൈത്തറി ഖാദി ഉൽപന്നങ്ങൾ, സഹകരണ മേഖലയിലെ ഉൽപന്നങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും. ഇതിനുവേണ്ടി 70 താൽക്കാലിക സ്റ്റാളുകൾ പുത്തരിക്കണ്ടത്ത് ക്രമീകരിക്കുന്നതാണ്. പദ്ധതി രൂപീകരണ പ്രവർത്തനവും നടന്നുവരുന്നു.

**എഡിറ്റോറിയൽ കമ്മിറ്റി**

ചീഫ് എഡിറ്റർ
**ആര്യ രാജേന്ദ്രൻ.എസ്**
(മേയർ)
എഡിറ്റർ
**ബിനു ഫ്രാൻസിസ്**
(നഗരസഭ സെക്രട്ടറി)
എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾ
**ശ്രീ.പി.കെ.രാജു**
(ബഹു. ഡെപ്യൂട്ടി മേയർ)
**കുമാരി. ആതിര.എൽ.എസ്**
(ചെയർപേഴ്സൺ,
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ശ്രീ. എസ്.സലീം**
(ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ശ്രീമതി. പി.ജമീല ശ്രീധരൻ**
(ചെയർപേഴ്സൺ,
ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ശ്രീ. മേടയിൽ വിക്രമൻ**
(ചെയർമാൻ,
മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ശ്രീമതി. ജിഷ ജോൺ**
(ചെയർപേഴ്സൺ,
നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി)
**ശ്രീമതി. സിന്ധു വിജയൻ**
(ചെയർപേഴ്സൺ,
നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ഡോ. റീന.കെ.എസ്**
(ചെയർപേഴ്സൺ,
വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
**ഡോ.സി.അനിൽകുമാർ**
(പി.എ.ടു.മേയർ)





